സി.ജി.(2) 1017/2016

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 06-02-2018.

# സർക്കുലർ നമ്പർ. 12/18

വിഷയം: സഹകരണവകുപ്പ്- കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ- മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായത് -സംബന്ധിച്ച്.

സൂചന : 06.12.2017 ലെ സ.ഉ(കൈ) നം.28/17/മതുവ നമ്പർ ഉത്തരവ്.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും 31.12.2007 വരെ, മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ നേടിയിട്ടുള്ള വായ്പകളിൽമേൽ തുടങ്ങിവച്ചതോ തുടർന്നുവരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികളിൽ നിന്ന് അവർക്ക് ആശ്വാസം നൽകുന്നതിന് നിലവിലുള്ള മോറട്ടോറിയത്തിന്റെ കാലാവധി 01.01.2018 മുതൽ 31.12.2018 വരെ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും 31.12.2007 വരെ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ നേടിയിട്ടുള്ള വായ്പകളിൽമേൽ തുടങ്ങിവച്ചതോ തുടർന്നുവരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് 31.12.2018 വരെ മോറട്ടോറിയം അനുവദിച്ച് ഉത്തരവാകുന്നു.

മേൽ നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും പാലിക്കുന്നുണ്ടെന്ന് വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

ഒപ്പ്
ഡോ.ഡി.സജിത് ബാബു. ഐ.എ.എസ്സ്
സഹകരണ സംഘം രജിസ്ട്രാർ

1. എല്ലാ ജോയിന്റ് രജിസ്ടാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
2. രജിസ്ട്രാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, എറണാകുളം
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
4. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
5. സെക്രട്ടറി, കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ
6. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
7. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
8. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ മാർക്കും
9. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്ക്
(ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
10. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ
(ജോയിന്റ് രജിസ്ട്രാർ മുഖേന)
11. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കോരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
12. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്വേഷൻ ഓഫീസർ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക്
(ജോയിന്റ് രജിസ്ട്രാർ മുഖേന)
13. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
14. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
15. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
16. സ്റ്റോക്ക് ഫയൽ/സ്പെയർ
17. വെബ്സൈറ്റ്

അംഗീകാരത്തോടെ

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)